വിജ്ഞാപനമനുസരിച്ചാണ് ഈ മേഖലയിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത്. അതിനുശേഷം മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി 22-9-1999-ലെ ജി. ഒ. (ആർ. ടി.) 3107/99/തൊഴിൽ, നമ്പർ വിജ്ഞാപനപ്രകാരം ഒരു കമ്മിറ്റിയെ നിയമിക്കുകയും ടി കമ്മിറ്റി 28-11-2001-ൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. കമ്മിറ്റിയുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ച് അതിലെ അപാകതകൾ പരിഹരിക്കുന്നതിനായി മിനിമം വേജസ് ഉപദേശക സമിതിയുടെ ഉപദേശം തേടിയിരിക്കുകയാണ്. ആയത് ലഭിച്ചതിനുശേഷം ഹോസിയറി വ്യവസായത്തിലെ തൊഴിലാളികൾക്ക് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(സി) 1948-ലെ മിനിമം വേതനനിയമത്തിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡപ്രകാരം ഓരോ തൊഴിൽ മേഖലയിലും മിനിമം വേതനം അഞ്ചുവർഷത്തിലൊരിക്കൽ പുതുക്കണമെന്ന് വ്യവസ്ഥയുണ്ട്.

ഐ. ടി. ഐ. പ്രവേശനത്തിന് ഡൊമിസൈൽ നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള ഗ്രേസ് മാർക്ക്

94 [3499] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. ഐ. കളിൽ വിദ്യാർത്ഥി പ്രവേശനത്തിന് "ഡൊമിസൈൽ നേറ്റിവിറ്റി" സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കണ്ണൂർ ജില്ലയിലെ ഏതൊക്കെ ബ്ലോക്കുകൾക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്;

(ഡി) കണ്ണൂർ ഐ. ടി. ഐ. സ്ഥിതി ചെയ്യുന്ന എടക്കാട് ബ്ലോക്ക് പ്രദേശത്തെ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത ആവശ്യം പരിഗണിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുവദിക്കുന്നുണ്ട്.

(ബി) മലപ്പുറം, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ എല്ലാ ബ്ലോക്കുകളിലുള്ള ഐ. റ്റി. ഐ. യിലെ അപേക്ഷകർക്കും കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, പത്തനംതിട്ട എന്നീ ജില്ലകളിലെ, താഴെപ്പറയുന്ന ബ്ലോക്കുകളിൽ നിന്നും ഉള്ള അപേക്ഷകർക്കും ഐ. ടി. ഐ. പ്രവേശനത്തിൽ 10 മാർക്ക് ഗ്രേസ് മാർക്കായി നൽകുന്നുണ്ട്:

LIBRARY ARCHIVES Kerala Legislative Assembly

	ബ്ലോക്ക്	ജില്ല
1.	കണ്ണൂർ	കണ്ണൂർ
2.	തലശ്ശേരി	കണ്ണൂർ
3.	വടകര	കോഴിക്കോട്
4.	കൊയിലാണ്ടി	കോഴിക്കോട്
5.	കാലിക്കറ്റ്	കോഴിക്കോട്
6.	കോഴിക്കോട്	കോഴിക്കോട്
7.	ഒറ്റപ്പാലം	പാലക്കാട്
8.	മണ്ണാർക്കാട്	പാലക്കാട്
9.	ചാവക്കാട്	തൃശ്ശൂർ
10.	കൊടുങ്ങല്ലൂർ	തൃശ്ശൂർ
11.	പത്തനംതിട്ട	പത്തനംതിട്ട

(സി) കണ്ണൂർ ജില്ലയിൽ കണ്ണൂർ, തലശ്ശേരി എന്നീ ബ്ലോക്കുകൾക്ക് പ്രസ്തുത ആനുകൂല്യം നൽകുന്നുണ്ട്.

(ഡി, ഇ) ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഇക്കാര്യം സർക്കാർ ഗ്രാമവികസന വകുപ്പു മായി ബന്ധപ്പെട്ട് പരിശോധിച്ച് വരികയാണ്.

ആനക്കര ഗ്രാമപഞ്ചായത്തിലെ മണൽ വാരൽ നിരോധനം

95 [3500] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിൽ മണൽ വാരൽ നിരോധിച്ചതിന്റെ ഭാഗമായി എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിൽ നിരോധനം പരിഹരിക്കുന്നതിന് സർക്കാർ എന്ത് നിലപാടു കളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) തൊഴിൽ നിരോധനം പരിഹരിക്കുന്നതിൽ ജില്ലാ ലേബർ ഓഫീസർ പക്ഷപാതപരമായ സമീപനം സ്വീകരിക്കുന്നു എന്ന പരാതിക്ക് അടിസ്ഥാനമുണ്ടോ;

(ഡി) പ്രസ്തുത തൊഴിൽ പ്രശ്നം എപ്പോൾ പരിഹരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഷൊർണ്ണൂർ അസി. ലേബർ ഓഫീസറുടെ തിരിച്ചറിയൽ കാർഡ് ലഭിച്ചി ട്ടുള്ള 175 തൊഴിലാളികളുടെ തൊഴിലിനെ ഇത് ബാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly